# പതിനാലാം കേരള നിയമസഭ

## (പത്താം സമ്മേളനം)

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:671** **04.04.2018-ൽ മറുപടിയ്ക്ക്**

## ഉൾനാടൻ മത്സ്യകൃഷി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ബി. അബ്ദുൽ റസ്സാക്ക്<br>ശ്രീ.അബ്ദുൽ ഹമീദ് പി.<br>ശ്രീ.കെ.എൻ.എ ഖാദർ<br>ശ്രീ.കെ.എം.ഷാജി | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) ഉൾനാടൻ മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിന് ധനസഹായ പദ്ധതികൾ നിലവിലുണ്ടോ; വിശദമാക്കാമോ; | എ) ഉണ്ട്. ഉൾനാടൻ മത്സ്യകൃഷി വർദ്ധിപ്പിക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ജനകീയ മത്സ്യകൃഷി രണ്ടാംഘട്ടം പദ്ധതി. ഇതിനായി 2338 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന ഘടക പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. മാതൃകാ ശുദ്ധജല മത്സ്യകൃഷി<br>2. ചെറുകുളങ്ങളിലെ ശുദ്ധജല മത്സ്യകൃഷി<br>3. വലിയ കുളങ്ങളിലെ ശുദ്ധജല മത്സ്യകൃഷി<br>4. ചെമ്മീൻ കൃഷി<br>5. പാടശേഖരങ്ങളിലെ മത്സ്യകൃഷി<br>ഇതിനു പുറമേ ബ്ലൂറെവല്യൂഷൻ പദ്ധതിയിലുൾപ്പെടുത്തി 2017-18 സാമ്പത്തിക വർഷത്തിൽ വിവിധ പദ്ധതികൾക്കായി 686.6 ലക്ഷം രൂപയുടെ കേന്ദ്രസഹായവും ലഭിച്ചിട്ടുണ്ട്. |
| ബി) ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഫലപ്രദമായ പദ്ധതികൾ ആവിഷ്കരിക്കുമോയെന്ന് വ്യക്തമാക്കാമോ? | ബി) ഉൾനാടൻ മത്സ്യകൃഷിയുടെ വ്യാപനത്തിനും പ്രോത്സാഹനത്തിനുമായി 2017-18 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച ജനകീയ മത്സ്യകൃഷി രണ്ടാംഘട്ടം പദ്ധതിയുടെ ഭാഗമായി തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിലായി വിവിധ തരം കാർപ്പ് മത്സ്യങ്ങളുടെ കൃഷി, ഗിഫ്റ്റ് കൃഷി, പാടശേഖരങ്ങളിലെ മത്സ്യകൃഷി, ചെമ്മീൻകൃഷി, വിവിധതരം കൂടുകൃഷികൾ പുനഃപര്യയന മത്സ്യകൃഷി (ആർ.എ.എസ്.) എന്നിങ്ങനെ 21-ഓളം ഉപഘടക പദ്ധതികൾ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ടി പദ്ധതികളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.<br>1. ശാസ്ത്രീയ സമ്മിശ്ര കാർപ്പ് മത്സ്യകൃഷി.<br>2. കുളങ്ങളിലെ ആസാംവാള കൃഷി. |

3. കുളങ്ങളിലെ ഗിഫ്റ്റ് കൃഷി.

4. റിസർക്കുലേറ്ററി അക്വാകൾച്ചർ സംവിധാനത്തിലെ ഗിഫ്റ്റ് കൃഷി

5. ഒരു നെല്ലും ഒരു മീനും പദ്ധതി

6. ജലസംഭരണികളിലെ മത്സ്യകൃഷി

7. കാരചെമ്മീൻ കൃഷി

8. നാരൻ ചെമ്മീൻ കൃഷി

9. വനാമി ചെമ്മീൻ കൃഷി

10. ബഹുവർഗ്ഗ ഓരുജല മത്സ്യകൃഷി.

11. ഓരുജല കൂട് മത്സ്യകൃഷി

12. ഞണ്ട് കൃഷി/ഞണ്ട് കൊഴുപ്പിക്കൽ

13. കല്ലുമ്മേക്കായ് കൃഷി

14. പടുതാ കുളങ്ങളിലെ കരിമീൻ കൃഷി

15. പിന്നാമ്പുറ കുളങ്ങളിലെ കരിമീൻ കൃഷി

16. സംയോജിത മത്സ്യ - താറാവ് /കോഴി കൃഷി

17. കൂടുകളിലെ അലങ്കാര മത്സ്യകൃഷി

18. പിന്നാമ്പുറ അലങ്കാര മത്സ്യകൃഷി യൂണിറ്റുകളുടെ പുനഃസ്ഥാപന പദ്ധതി

19. പുതിയ പിന്നാമ്പുറ അലങ്കാര മത്സ്യകൃഷി യൂണിറ്റുകൾ

20. മത്സ്യവിത്ത് പരിപാലന കേന്ദ്രങ്ങൾ.

21. "ലൈവ് ഫിഷ്" മാർക്കറ്റുകൾ

ഇതിനു പുറമെ 2017-20 സാമ്പത്തിക വർഷങ്ങളിൽ ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, കാസർകോഡ് എന്നീ ജില്ലകളിലായി 4000 ഹെക്ടർ പ്രദേശത്ത് "കൈപ്പാട്/പൊക്കാളി സംയോജിത നെല്ല് ചെമ്മീൻ കൃഷി പദ്ധതി" നടപ്പിലാക്കുന്നതിനായി 296 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

**സെക്ഷൻ ആഫീസർ**